"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ രണ്ടാംതരം ഓവർസിയർ ആയിരിക്കെ 27/11/2020-ൽ മരണപ്പെട്ട രമേശ് കോയിപ്പാടത്ത് -ന്റെ മകനായ ശ്രീ.അശ്വന്ത്.കെ-യ്ക്ക് ആശ്രിതനിയമനപദ്ധതി പ്രകാരം ഓവർസിയർ ഗ്രേഡ് III ആയി നിയമനം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1559/2023/LSGD തീയതി,തിരുവനന്തപുരം, 01-08-2023

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ(അച്ചടി)നം. 12/99/ഉഭപവ
2. ശ്രീ.അശ്വന്ത്.കെ-യുടെ 02.08.2021-ലെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
3. ചീഫ് എഞ്ചിനീയറുടെ 03.08.2022 ലെ ഇ2/15347/22/CE/LID&EW നമ്പർ കത്ത്.
4. കോഴിക്കോട് ജില്ലാ കളക്ടറുടെ 13.02.2023 ലെ DCKKD/10422/2022-S4 നമ്പർ കത്ത്.
5. 14.07.2023 ലെ ജി.ഒ.(പി)നം.12/2023/പി & എ ആർ ഡി

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ രണ്ടാംതരം ഓവർസിയർ ആയിരിക്കെ 27/11/2020 ൽ മരണപ്പെട്ട രമേശ് കോയിപ്പാടത്ത് -ന്റെ മകനായ ശ്രീ.അശ്വന്ത്.കെ. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 16 വർഷവും 3 മാസവും 18 ദിവസവും ആണ് .

2 . അപേക്ഷകന്റെ ജനനതീയതി 16.05.1998 ആകയാൽ ടിയാന് ഇപ്പോൾ 25 വയസ്സുണ്ട്. ടിയാൻ കോഴിക്കോട് ജില്ലയിൽ ഓവർസിയർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൻ എസ്.എസ്.എൽ.സി., സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ ഓവർസിയർ ഗ്രേഡ് III തസ്തികയിൽ നിയമനം

നൽകുന്നതിന് അർഹനാണ്.

3 . തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും കോഴിക്കോട് ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3, 4 പ്രകാരം ശ്രീ.അശ്വന്ത്.കെ-യുടെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട് ശ്രീ.അശ്വന്ത്.കെ., പരേതനായ രമേശ് കോയിപ്പാടത്ത്-ന്റെ മകനാണ്. ശ്രീ.അശ്വന്ത്.കെ.-ന്റെ മാതാവായ ശ്രീമതി.ശാന്ത.കെ, സഹോദരിയായ ശ്രീമതി.അശ്വതി(വിവാഹിത), പരേതന്റെ മാതാവ് ശ്രീമതി. ലക്ഷ്മികുട്ടിയമ്മ എന്നിവർ ശ്രീ.അശ്വന്ത്.കെ.-യ്ക്ക് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. ശ്രീ.അശ്വന്ത്.കെ, ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പരേതന്റെ വിധവയെയും മാതാവിനെയും മരണം വരെ സംരക്ഷിച്ചു കൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2,88,595/-(രണ്ട് ലക്ഷത്തി എൺപത്തിയെട്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപയാണ് എന്ന് കോഴിക്കാട് ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസീയർ ഗ്രേഡ് II തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട രമേശ് കോയിപ്പാടത്ത്-ന്റെ മകനായ ശ്രീ.അശ്വന്ത്.കെ-ന്, പരാമർ ശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഓവർസിയർ ഗ്രേഡ് III തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ മേധാവിയോ അറ്റസ്റ്റ് ചെയേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5 . തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അപേക്ഷകന്റെ ജനനത്തീയതി വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ ഓവർസിയർ ഗ്രേഡ് III തസ്തികയിൽ നിലവിലുള്ള ഒഴിവിലോ നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. കോഴിക്കോട് ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകന് നിയമനം നൽകേണ്ടതും

സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം തന്റെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25 % തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നതിന് തനിക്ക് സമ്മതമാണ് എന്ന സമ്മതപത്രം കൂടി അപേക്ഷകനിൽ നിന്നും വാങ്ങേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.അശ്വന്ത്.കെ, കോയിപ്പാടത്ത് വീട്, പുതുപ്പണം.പി.ഒ, വടകര-673105 (രജിസ്റ്റേഡ് തപാൽ മുഖേന).
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (രമേശ് കോയിപ്പാടത്ത്-ന്റെ സർവ്വീസ് ബുക്ക് സഹിതം)
3. ജില്ലാ കളക്ടർ, കോഴിക്കോട്.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Keerthi I.p
Date: 02-08-2023 09:34:59